പ്രകാശവചനം ● **ശമീം ചൂനൂർ**

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ ﷺ قَالَ: اتقوا اللَّعَّانَيْنِ
قَالُوا: وما اللَّعَّانان يا رَسُولَ اللَّهِ؟ قَالَ: الذي يَتَخَلَّى
فِي طَرِيقِ النَّاسِ أَوْ فِي ظِلِّهِمْ

**അബൂഹുറൈറ(റ)ൽ നിന്ന് നിവേദനം: റസൂൽ (സ) പറഞ്ഞു: ശാപമേൽക്കുന്ന രണ്ട് കാര്യങ്ങൾ നിങ്ങൾ സൂക്ഷിക്കുക. സ്വഹാബികൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഏതാണ് ആ രണ്ട് ശാപഹേതുക്കൾ? റസൂൽ (സ) പറഞ്ഞു: ജനങ്ങൾ സഞ്ചരിക്കുന്ന വഴിയിലോ അവർ വിശ്രമിക്കുന്ന സ്ഥലങ്ങളിലോ മലമൂത്രവിസർജനം ചെയ്യലാണത് (മുസ്‌ലിം).**

# ശുചിത്വ പാലനം വിശ്വാസിയുടെ ബാധ്യത

വ്യക്തിജീവിതത്തിൽ വിശുദ്ധിനിലനിർത്താൻ കൽപ്പിക്കുന്ന ഖുർആനും പ്രവാചകനും പരിസ്ഥിതിമലിനീകരണത്തെയും അതിശക്തമായാണ് എതിർക്കുന്നത്. നദീതീരത്തും പാതയോരത്തും വിശ്രമസ്ഥലങ്ങളിലും മലമൂത്രവിസർജനം നടത്തുന്നത് പ്രവാചകൻ കർശനമായി വിലക്കിയിരിക്കുന്നു. പുഴയിലും വിശ്രമ കേന്ദ്രങ്ങളിലും പാതയോരങ്ങളിലും ജനവാസ കേന്ദ്രങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിച്ചുകൊണ്ട് പരിസരമലിനീകരണം നടത്തുന്നവർക്ക് അല്ലാഹുവിന്റെയും അവന്റെ മലക്കുകളുടെയും സകല മനുഷ്യരുടെയും ശാപമുണ്ടായിരിക്കുമെന്ന് പ്രവാചകൻ അരുളിയതായി ബൈഹഖി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മനുഷ്യരുടെ മാത്രമല്ല ജീവജാലങ്ങളുടെയും വാസസ്ഥലങ്ങൾ മലിനമാക്കരുതെന്നാണ് ഇസ്‌ലാമിന്റെ വീക്ഷണം. അതുകൊണ്ടാണ് പ്രവാചകൻ, നിങ്ങൾ ജീവികളുടെ മാളങ്ങളിലേക്ക് മൂത്രമൊഴിക്കരുതെന്ന് പഠിപ്പിച്ചത്.

ഒരു വിശ്വാസിക്ക് ഒരിക്കലും ചിട്ടയില്ലാതെ വൃത്തിഹീനമായ ജീവിതം നയിക്കാനാവില്ല. കാരണം, വൃത്തി അവന്റെ വിശ്വാസത്തിന്റെ ഭാഗമാണെന്നാണ് പ്രവാചകൻ പഠിപ്പിച്ചിട്ടുള്ളത്. അഥവാ, ശുദ്ധമായ ശരീരത്തിൽ മാത്രമേ വിശുദ്ധമായൊരു വിശ്വാസം കുടിയിരിക്കുകയുള്ളൂ എന്നർഥം. ശരീരം ശുദ്ധമല്ലെങ്കിൽ ആത്മാവിന്റെ ശുദ്ധീകരണം സാധ്യമാവുകയില്ല. പരിപൂർണമായി അംഗശുദ്ധിവരുത്താതെ നമസ്കാരം ശരിയാവുകയില്ല എന്ന് പറയുന്നത് അതുകൊണ്ടാണ്. ശുചിത്വത്തെ മുസ്‌ലിം ഒരു സാമൂഹിക ധർമമായി മാത്രമല്ല കാണുന്നത്. അത് അവന്റെ വിശ്വാസത്തിന്റെ ഭാഗവും ദൈവത്തിന്റെ ഇഷ്ടം പിടിച്ചുപറ്റാനുള്ള മാർഗവും കൂടിയാണ്. വിശ്വാസി വിശുദ്ധനാകുന്നതിലൂടെ അവന്റെ ചുറ്റുപാട് ശുദ്ധമാവുന്നു. ഇതോടൊപ്പം അവന്റെ പരലോകജീവിതത്തിലേക്ക് ഒരു നന്മ കൂടി രേഖപ്പെടുത്തുന്നു. അതിലൂടെ ദൈവപ്രീതിയും. അല്ലാഹു പറയുന്നു: ''പശ്ചാത്തപിക്കുന്നവരെയും വിശുദ്ധി വരിച്ചവരെയും അല്ലാഹു ഇഷ്ടപ്പെടുന്നു'' (*അൽബഖറ* 222).

വൃത്തിയും വെടിപ്പുമുള്ള ചുറ്റുപാട് നന്മ നിറഞ്ഞ ഒരു സമൂഹത്തിന്റെ ലക്ഷണമാണ്. ശാരീരികാരോഗ്യം മാത്രമല്ല, ബുദ്ധിയും ചിന്തയും, ശുദ്ധമായ അന്തരീക്ഷത്തിൽ മാത്രമേ വളരുകയുള്ളൂ. ഭൂമിയിൽ വൃത്തിയോടെ ജീവിക്കുന്നവർക്ക് സമൂഹത്തിൽ ഉന്നത സ്ഥാനം ഉണ്ടാവുക സ്വാഭാവികമാണ്. അവരുടെ സാമീപ്യവും സഹവാസവും എല്ലാവരും ഇഷ്ടപ്പെടുന്നു. അതുപോലെ പ്രപഞ്ചനാഥനും അവരെയാണ് ഇഷ്ടപ്പെടുന്നത്.

പ്രബോധകന്റെ അനിവാര്യമായ ഗുണങ്ങളിലൊന്നാണ് ശുചിത്വം. പ്രവാചക(സ)നോടുള്ള അല്ലാഹുവിന്റെ ആദ്യത്തെ കൽപ്പന ഇങ്ങനെയാണ്. ''ഹേ പുതപ്പുമൂടി കിടക്കുന്നവനേ, എഴുന്നേൽക്കൂ, മുന്നറിയിപ്പു നൽകൂ, നിന്റെ നാഥന്റെ മഹത്വം വിളംബരം ചെയ്യൂ, നിന്റെ വസ്ത്രം ശുദ്ധിയാക്കൂ'' (*മുദ്ദസ്സിർ*: 1-4). ഇസ്‌ലാമിന്റെ ആരാധനാകാര്യങ്ങളെ കുറിച്ചോ നിയമവ്യവസ്ഥകളെ കുറിച്ചോ പ്രതിപാദിക്കാതെ പ്രവാചകനോട് തന്റെ വസ്ത്രം ശുദ്ധിയാക്കാൻ അല്ലാഹു കൽപ്പിക്കുന്നത് ശുദ്ധി പ്രബോധനപ്രവർത്തനങ്ങളിൽ ഒരു അനിവാര്യ ഘടകമായതുകൊണ്ട് തന്നെയാണ്. ഇസ്‌ലാം വൃത്തിയെ ദൈവാരാധനയുമായും ബന്ധിപ്പിക്കുന്നു. ഇസ്‌ലാമിലെ സുപ്രധാനമായ ആരാധനയാണ് നമസ്കാരം. അതിന്റെ ചലനങ്ങളെക്കുറിച്ചോ രൂപത്തെ കുറിച്ചോ വിശദമായി പ്രതിപാദിക്കാത്ത ഖുർആൻ അതിനുമുമ്പ് ശുദ്ധി വരുത്തേണ്ട അവയവങ്ങളെക്കുറിച്ചും അതിന്റെ തവണയെക്കുറിച്ചും കൃത്യമായും വിശദമായും പ്രതിപാദിക്കുന്നതു കാണാം. ഇത് ജീവിതം മുഴുവൻ സംശുദ്ധമാക്കാനുള്ള ഒരു പരിശീലനം കൂടിയാണ്. ■